**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**<u>2003 ആഗസ്റ്റ് 6-ാം തീയതി ബുധനാഴ്ച</u>**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -16)

852)വിജിലൻസ് കോടതികളിൽ കേസ് വിചാരണ നടത്തുന്നതിലുള്ള കാലതാമസം
853)ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണം
854)പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം
855)മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി
856)പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഹൈലെവൽ കമ്മിറ്റി
857)ഡോക്ടർമാരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കാൻ നടപടി
858)മെഡിക്കൽകോളേജുകളിൽ ന്യൂക്ളീയർ മെഡിസിൻ ലാബോറട്ടറികളിൽ നടത്തുന്ന ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ്
859)പേയിംഗ് കൗറുകളുടെ വരവുചെലവുകണക്കുകൾ ഓഡിറ്റു ചെയ്യുന്നതിന് നടപടി
860)ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തുന്നതിനുള്ള നടപടിക്രമം
861)പോലീസ് വകുപ്പിലെ സംഘടനാ സ്വാതന്ത്ര്യം
862)മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ
863) ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനെതിരെ നടപടി
864) ചെറുകിട കച്ചവടക്കാരിൽ നിന്നും ഈടാക്കിയ പിഴ
865) ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടി
866) കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചകൾ
867) ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടമെന്റിൽ നടത്തുന്ന പാരാ മെഡിക്കൽ ടെസ്റ്റുകൾ

**<u>വിജിലൻസ് കോടതികളിൽ കേസ് വിചാരണ നടത്തുന്നതിലുള്ള കാലതാമസം</u>**

*852. ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**<u>(എ) വിജിലൻസ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ വിജിലൻസ് കോടതികളിൽ വിചാരണയ്ക്ക് എടുക്കാതെ വർഷങ്ങളായി നീണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;</u>**

(ബി) ഈ കേസുകൾ താമസംവിനാ തീർപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി പുതിയ വിജിലൻസ് കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):**

(എ) കുറ്റപത്രം സമർപ്പിച്ചിട്ടുള്ള വിജിലൻസ് കേസ്സുകൾ വിജിലൻസ് കോടതികളിൽ വിചാരണയ്ക്ക് എടുക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പതിവില്ല. പക്ഷേ കേസുകളുടെ എണ്ണം, വിചാരണ പൂർത്തിയാക്കാൻ വേണ്ടിവരുന്ന സമയം, കേസിലെ പ്രതികളുടെ എണ്ണം, വിസ്തരിക്കപ്പെടേണ്ട സാക്ഷികളുടെ എണ്ണം, ആരോപണങ്ങളുടെ സ്വഭാവം എന്നിവകാരണം ചില കേസുകളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലയളവിൽ ഏറ്റക്കുറച്ചിൽ വരാറുണ്ട്. കൂടാതെ കേസിൽ ഉൾപ്പെട്ട കക്ഷികൾ മേൽക്കോടതികളിൽ നിന്നും സമ്പാദിക്കുന്ന സ്റ്റേ ഉത്തരവുകൾ മൂലം ചില കേസുകൾ വർഷങ്ങളായി നീണ്ടുപോകാറുണ്ട്.

(ബി) വിജിലൻസ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ ഈ കോടതികളിൽ ഉടൻതന്നെ കലണ്ടർ കേസായി രജിസ്റ്റർ ചെയ്യുകയും വിചാരണയ്ക്കുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഈ കോടതികൾ പരമാവധി വേഗത്തിലാണ് കേസുകൾ തീർപ്പാക്കുന്നത്.

(സി) കോട്ടയം ആസ്ഥാനമാക്കി ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം വിജിലൻസ് ഡയറക്ടറിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യത ആരാഞ്ഞുവരുന്നു.

**<u>ജീവൻരക്ഷാ ഔഷധങ്ങളുടെ വില നിയന്ത്രണം</u>**

*853. ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് പല ജീവൻരക്ഷാ ഔഷധങ്ങളുടേയും വില ക്രമാതീതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) ഉണ്ടെങ്കിൽ ഈ വിലവർദ്ധനവ് തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ ;

(സി) ജീവൻരക്ഷാ ഔഷധങ്ങൾ നീതി മെഡിക്കൽ സ്റ്റോർ വഴി വിൽക്കുന്നതിനും പ്രസ്തുത ഔഷധങ്ങളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനും സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

**(എ) & (ബി) ഉണ്ട്. ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ്. ജീവൻരക്ഷാ ഔഷധങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലേയ്ക്കും മെഡിക്കൽകോളേജുകളിലേയ്ക്കും ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖാന്തിരം ആണ് വാങ്ങിക്കുന്നത്. ഭൂരിഭാഗം മരുന്നുകളും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞവിലയ്ക്ക് വാങ്ങുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ജീവൻരക്ഷാ ഔഷധങ്ങൾ നീതി മെഡിക്കൽ സേറ്റോറുകൾ, മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ചുള്ള പേയിംഗ് കൗണ്ടറുകൾ എന്നിവ വഴി വിലകുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്.**

(സി) ജീവൻരക്ഷാ ഔഷധങ്ങൾ നീതി മെഡിക്കൽ സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ തുടങ്ങിയവ മുഖേന വിലകുറച്ച് വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത ഔഷധങ്ങളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഔഷധ നിർമ്മാതാക്കളുടേയും ഔഷധ വ്യാപാരികളുടേയും ഒരു യോഗം 15-7-2003-ൽ വിളിച്ചുകൂട്ടിയിരുന്നു. നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ഔഷധ വിതരണത്തിനായി കൂടുതൽ ഔഷധ നിർമ്മാതാക്കൾ മുന്നോട്ടു വന്നിട്ടുണ്ട്. ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ തുടർന്നും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്..

**പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം**

*854. ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ.പി. മോഹനൻ :
ശ്രീ.: സി.കെ. നാണു :
ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ഇപ്പോൾ നിലവിലുണ്ടോ ;**

(ബി) ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :**

**(എ)& (ബി) ഉണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിൽ ഇതിനായുള്ള നടപടി ക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (ഈ നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.).**

**മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി**

*855. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;**

(ബി) സംസ്ഥാനത്ത് ആശുപത്രികളിലെ സ്റ്റോറുകളിൽനിന്നും മെഡിക്കൽ സ്റ്റോറുകളിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ പലതും കാലാവധി കഴിഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സ്റ്റോറുകളിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ കാലാവധി കഴിയാത്തവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

**(എ) ഉണ്ട്. ആശുപത്രികളിൽ വിതരണത്തിനായി പരിഗണിക്കുന്ന മരുന്ന് കമ്പനികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയിൽ ഗുണനിലവാരം പരിശോധിച്ചതിനുശേഷമാണ് മരുന്നുകമ്പനികൾക്ക് ഓർഡർ നൽകുന്നത്. കൂടാതെ 75%ത്തിനു മേൽ ഷെൽഫ് ലൈവ് ഉള്ള മരുന്നുകൾ മാത്രമാണ് വിതരണത്തിനായി വാങ്ങുന്നത്. എല്ലാ ജില്ലാ ആശുപത്രികളിൽ നിന്നും ജില്ലാ സ്റ്റോറുകളിൽ നിന്നും മരുന്നു സാമ്പിളുകൾ ഇടയ്ക്കിടക്ക് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.**

(ബി)&(സി) ഇത്തരം സാഹചര്യം സംസ്ഥാനത്ത് നിലവിലില്ല. ആശുപത്രികളിൽ നിന്നും മെഡിക്കൽ സ്റ്റോറുകളിൽനിന്നും ഇടയ്ക്കിടെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചുവരുന്നുണ്ട്..

## പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഹൈലെവൽ കമ്മിറ്റി

*856. ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. സുജനപാൽ :
പ്രൊഫ. എ.ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;**

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(സി) പ്രസ്തുത കമ്മിറ്റിയുടെ അധികാര പരിധിയിൽ ഏതെല്ലാം പകർച്ചവ്യാധികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത സമിതിയുടെ പ്രവർത്തനഫലമായി ഏതെല്ലാം പകർച്ചവ്യാധികൾ നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്ന് പറയാമോ ;

(ഇ) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സമിതി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :**

**(എ)&(ബി) ഉണ്ട്. ഡോക്ടർ ജേക്കബ്ജോൺ അഡ്വൈസർ, കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ് ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.**

1. **ഡോ. മാത്യൂ തോമസ്, സൂപ്രണ്ട്, മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം**
2. **ഡോ. സുലേഖ, ശിശുരോഗവിഭാഗം മേധാവി, എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം**
3. **ഡോ. ശാരദ, അസോസിയേറ്റ് പ്രൊഫസർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, തിരുവനന്തപുരം**
4. **ഡോ. രാജ്മോഹൻ, സൂപ്രണ്ട്, എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം**
5. **ഡോ. ജോസഫ്, കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം**
6. **ഡോ. എൽ.എസ്. വൽസല, പ്രൊഫസർ, പി.ഐ.ഇ.ഡി.സെൽ, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം**
7. **ഡോ. ഐഷാ ബീഗം**

,(സി) എല്ലാ പകർച്ചവ്യാധികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ പകർച്ചവ്യാധികളും നിയന്ത്രണവിധേയമായിക്കൊണ്ടിരിക്കുന്നു.

(ഇ) ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് തീവ്രയത്ന ശുചിത്വ പരിപാടികൾ, മാലിന്യ സംസ്ക്കരണം, സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ ഫീവർ ക്ളിനിക്കുകളുടെ പ്രവർത്തനം രോഗപ്രതിരോധ സംവിധാനങ്ങൾ ഊർജ്ജപ്പെടുത്തൽ തുടങ്ങിയ പരിപാടികളാണ് ഈ സമിതി സ്വീകരിച്ചിട്ടുള്ളത്.

## ഡോക്ടർമാരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കാൻ നടപടി

*857. ശ്രീ. എൻ. ശക്തൻ :
ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;
(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;
(സി) നിലവിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥയുണ്ടോ ;
(ഡി) സംസ്ഥാനത്ത് എത്ര ഡോക്ടർമാർ തൊഴിലില്ലാതെയുണ്ടെന്നു പറയാമോ ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി)** :

(എ) ഇപ്പോൾ പരിഗണനയിലില്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.
(സി) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ചില വിഭാഗങ്ങളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥ ഉണ്ടായിരുന്നു. കരാർ വ്യവസ്ഥയിലൂടെയും ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി ഡോക്ടർമാർക്ക് പ്രൊമോഷൻ നൽകിയും ഈ അവസ്ഥ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിൻ കീഴിൽ ഗ്രാമപ്രദേശങ്ങളിലും പിന്നോക്കമേഖലകളിലും നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ജോലിചെയ്യാൻ ആളെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെങ്കിലും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സ്ഥിരം നിയമനം നടത്താൻ കഴിയുന്നില്ല. ആയുർവേദ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥയില്ല.
(ഡി) ഇതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

## മെഡിക്കൽകോളേജുകളിൽ ന്യൂക്ളീയർ മെഡിസിൻ ലാബോറട്ടറികളിൽ നടത്തുന്ന ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ്

858. പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. എ. സുജനപാൽ
ശ്രീ കെ. മോഹൻകുമാർ
ശ്രീ വി. ബാലറാം
ശ്രീ ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ന്യൂക്ളിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ട്;
(ബി) ഈ ഡിപ്പാർട്ടുമെന്റിനോടനുബന്ധിച്ചുള്ള ലാബോറട്ടറുകളിൽ വിവിധ ടെസ്റ്റകൾക്ക് ഈടാക്കുന്ന തുക എത്ര വീതമാണ് എന്ന് ജറയുമോ;
(സി) വിവിധ ലാബോറട്ടറികളിൽ ഇത്തരം ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ് എത്ര വീതമാണ്;
(ഡി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ലാബോറട്ടറികളിൽ ഈ ടെസ്റ്റുകൾക്ക് ഉയർന്ന ഫീസ് നിശ്ചയിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) തിരുവനന്തപുരം,കോഴിക്കോട് മമഡിക്കൽകൊളേജുകളിൽ ന്യൂക്ളിയർ മെഡിസിൻ വകുപ്പു പ്രവർത്തിക്കുന്നുണ്ട്.
(ബി) വിവിധ ടെസ്റ്റുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അനുബന്ധമായി ചേർക്കുന്നു.
(സി) സ്വകാര്യ ലാബുകൾ ചുമത്തുന്ന ഫീസ് വിവരം സർക്കാരിൽ ലഭ്യമല്ല.
(ഡി) വിവധ ടെസ്റ്റുകൾക്ക് ആവശ്യമായിവരുന്ന ചെലവുകൾ അനുസരിച്ചുള്ള ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത ഫീസുകൾ ഉയർന്ന നിരക്കിലാണെന്ന അഭിപ്രായമില്ല.

## പേയിംഗ് കൗണ്ടറുകളുടെ വരവുചെലവുകണക്കുകൾ ഓഡിറ്റു ചെയ്യുന്നതിന് നടപടി

859. ശ്രീ. എ.പി. അനിൽകുമാർ
ശ്രീ എ.കെ. മണി
ശ്രീ എം.എ. ചന്ദ്രശേഖരൻ
ശ്രീ എം.കെ. പോൾസൺമാസ്റ്റർ
ശ്രീ വി.ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ച പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി)കൗണ്ടറുകളുടെ കണക്കുകൾ യഥാസമയം ഓഡിറ്റു ചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് ഓഡിറ്റുചെയ്യുന്നത്;

(ഡി) പ്രസ്തുത കൗണ്ടറുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുണ്ടൊ;

(ഇ) ഉണ്ടെങ്കിൽ എന്തുവിലയ്ക്കുളള മരുന്നുകളാണ് കെട്ടിക്കിടപ്പുള്ളത്;

(എഫ്) ഇപ്രകാരം ഇത്രയധികം വിലവരുന്നതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം പറയാമോ ;

(ജി) കാലാവധി കഴിഞ്ഞമരുന്നുകളുടെ വിവരം അവ സപ്ളൈ ചെയ്തകമ്പനികളെ ഏതു കാലാവധിക്കുള്ളിൽ അറിയിച്ചാലാണ് അതിന്റെ വില തിരിച്ചുകിട്ടുന്നത്;

(എച്ച്) ഇപ്രകാരം കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിവരം ബന്ധപ്പെട്ട കമ്പനിക്കാരെ യഥാസമയം അറിയിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട;

(ഐ) അറിയിച്ചെങ്കിൽ എന്തു തുക റീഫണ്ട് ചെയ്ത് കിട്ടി;

(ജെ) അറിയിക്കാത്തപക്ഷം വീഴ്ചവരുത്തിയവരുടെമേൽ നടപടിയെടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(കെ) പേയിംഗ് കൗണ്ടറുകളുടെ വരവുചെലവു കണക്കുകൾ എ.ജി-യെ കൊണ്ട് ആഡിറ്റു ചെയ്യിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ എല്ലാമെഡിക്കൽ കോളേജുകളോടനുബന്ധിച്ചും പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം ഡി.എം.ഇ യുടെ ഇന്റേണൽ ഓക്ഡിറ്റ് വിഭാഗം, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ ഴാഡിറ്റു ചെയ്യാറുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഒരു കോടി രൂപയുടെ മരുന്നുകൾ കെട്ടിക്കിടപ്പുള്ളതായി റിപംപോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം സംബന്ധിച്ച അന്വേഷിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ജി) മരുന്നുകൾക്ക് നിശ്ചയിച്ചിട്ടുള്ള ലൈഫ്ടൈം തീരുന്നതിന് ഒരുമാസം മുൻപായി മരുന്നുകളുടെ വിവരം സപ്ളൈ ചെയ്ത കമ്പനികളെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മരുന്നുകളുടെ വില തിരിച്ചു നൽകുകയും ചെയ്യാറുണ്ട്.

(എച്ച്) കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യങ്ങൾ അന്വേഷിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് രഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) (എച്ച്) വിഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(കെ) പേയിംഗ് കൗണ്ടറിലെ വരവുചെലവ് കണക്കുകൾ എ.ജി യും ഓഡിറ്റുചെയ്യുന്നുണ്ട്.

## <u>ജനന സർട്ടിഫിക്കറ്റിലെ പിശകുകൾ തിരുത്തുന്നതിനുള്ള നടപടിക്രമം</u>

860 ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്
ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ
ശ്രീ ടി.പി.എം. സാഹിർ
ശ്രീ കളത്തിൽ അബ്ദുള്ള
ശ്രീ സി. മോയിൻകുട്ടി : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്താനത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പഞ്ചായത്തുകൾ എന്നീ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകളിൽ പേരിലും ജനന തീയതി മുതലായവകളിലും കടന്നുകൂടുന്ന പിശകുകൾ തിരുത്തുന്നതിന് നിലവിലുള്ള നടപടിക്രമം എന്താണ്;

(ബി) ഈ നടപടിക്രമം സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായതിനാലുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിനായി ആറുവയസ്സുവരെയുള്ള കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിൽ കടക്ന്നുകൂടുന്നതായിട്ടുള്ള പിശകുകൾ തിരുത്തികിട്ടുന്നതിന് കുട്ടിയുടെ മാതാപിതാക്കൾ ഒരുമിച്ച് അപേക്ഷിച്ചാൽ തിരുത്തൽവരുത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകി, ഒരാഴ്ചയ്ക്കുള്ളിൽ സർട്ടിഫിക്കറ്റ് തിരുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ ഈ നിർദ്ദിഷ്ട നടപടിക്രമം ഇല്ലാത്തുകൊണ്ട് കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനും മറ്റും മാതാപിതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)**

(എ) ജനന സർട്ടിഫിക്കറ്റുകളിൽ പേരിലും ജനനത്തീയതി മുതലായവയിലും കടന്നുകൂടുന്ന പിശകകുകൾ തിരുത്തുന്നതിന് സംവിധാനം നിലവിലുണ്ട്. ഇതനുസരിച്ച് തിരുത്തലുകൾ വരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്താപേക്ഷയും യഥാർത്ഥ വിവരം തെളിയിക്കുന്നതിനാവശ്യമായ ആധികാരിക രേഖകളും ഹാജരാക്കേണ്ടതുമാണ്. 01.04.70 ന് മുൻപുള്ള രജിസ്ടേഷനുകളിലെ തിരുത്തലുകൾ ചീഫ് രജിസ്ട്രാറുടെ അനുവാദത്തോടെയും 01.04.70 ന് ശേഷമുള്ള രജിസ്ട്രേഷനുകളിൽ ജനനത്തീയതി, സെക്സ് എന്നിവയിലൊഴികെ പേര് മേൽവിലാസം, എന്നിവയിലുള്ള തിരുത്തലുകൾ രജിസ്ട്രാർക്ക് നേരിട്ടും അപേക്ഷ പ്രകാരം തിരുത്തി നൽകാവുന്നതാണ്. 01.04.70 ന് മുൻപുള്ള ജനന രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്തുന്നതിനായി അപേക്ഷയും രേഖകളും ലോക്കൽ രജിസ്ട്രാർ മുഖാന്തിരം ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജനന രജിസ്ട്രേഷൻ സംബന്ധിച്ച് നിലവിലുള്ള സംവിധാനം അനുസരിച്ച് 01.04.70 ന് ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള ജനന രജിസ്ട്രേഷനുകളില ജനനത്തീയതി സെക്സ് എന്നിവയിലൊഴികെ പേര് മേൽവിലാസം എന്നിവയിൽ കടന്നുകൂടുന്ന പിശകുകൾ തിരുത്തി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനന മരണ രജിസ്ട്രാർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് തിരുത്തലുകൾ വരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്താപേക്ഷയും യഥാർത്ഥ വിവരം തെളിയിക്കുന്നതിനാവശ്യമായ ആധികാരിക രേഖകളും ലോക്കൽ രജിസ്ട്രാർക്ക് ഹാജരാക്കി പിശകകുകൾ പരിഹരിക്കപ്പെടാവുന്നതാണ്.

(ഡി) ജനന സർട്ടിഫിക്കറ്റുകൾ പിശകകുകൾ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ലോക്കൽ രജിസ്ട്രാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

## <u>പോലീസ് വകുപ്പിലെ സംഘടനാ സ്വാതന്ത്ര്യം</u>

861. ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ രാജു എബ്രഹാം
ശ്രീ.പി.ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസു വകുപ്പിലെ സംഘടനാ സ്വാതന്ത്ര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പോലീസുകാരുടെയും പോലീസ് ഓഫീസർമാരുടെയും അസോസിയേഷനുകളുടെ ഭാരവാഹികളെ തെരെഞ്ഞെടുക്കുന്നതിന് അവർക്ക് നൽകിയിരിക്കുന്ന അവകാശത്തിൽ ഉയർന്ന പോലീസുദ്യോഗസ്ഥർ ഇടപെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സർക്കാർ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) സംഘടനാ പ്രവർത്തനങ്ങൾക്കായി പോലീസ് ഡിപ്പാർട്ടുമെന്റിൽ ജീവനക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ നിലവിലുള്ള സംഘടനാ സ്വാതന്ത്ര്യത്തിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) അസോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതായുള്ള പരാതികൾ ഉണ്ടായിട്ടില്ല.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പോലീസ് സേനയിലെ അച്ചടക്കസ്വഭാവത്തെ ഒരുതരത്തിലും ബാധിക്കാത്ത രീതിയിലുള്ളതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിലുള്ളതും നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. സംഘടനകളുടെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ചില സ്ഥലങ്ങളിൽ സ്ഥല സൗകര്യവും സംഘടനായോഗങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ട സൗകര്യങ്ങളും സേനാംഗങ്ങൾക്ക് നിലവിൽ നൽകിവരുന്നുണ്ട്.

**മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ**

862 . ശ്രീ. തോമസ് ചാഴികാടൻ
ശ്രീ റോഷി അഗസ്റ്റിൻ
ശ്രീ കെ. നാരായണക്കുറുപ്പ് : തഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക് യു.ജി.സി. യുടെയും നാഷണൽ അക്രഡറ്റീഷൻ കമ്മിറ്റിയുടെയും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെയും മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഉണ്ടൊ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സൗകര്യങ്ങൾ കൂടുതലായി വേണ്ടിവരും എന്ന് പരിശോധിച്ചിട്ടുണ്ടൊ; അവ ഏതെല്ലാമെന്നറിയിക്കുമോ;

(സി) മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത മാനദണ്ഡങ്ങൾക്ക് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ സെന്റേഴ്സ് ഓഫ് എക്സലൻസ് ആക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**
**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി)**

(എ) ഐ.എം.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായ സൗകര്യങ്ങൾ പൂർണ്ണമായ തോതിൽ ഇല്ല. യു.ജി.സി/എൻ.എ.സി. മാനദണ്ഡങ്ങൾ പക്ഷേ ബാധകമല്ല.

(ബി) ഉണ്ട്. ഐ.എംസി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപകരുടെയും നേഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലാബോറട്ടറി സൗകര്യങ്ങളുടെയും കിടക്കകളുടെയും എണ്ണവും കറവുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട. കോട്ടയം കോഴിക്കോട് മെഡിക്കൽ കോളേജുകൾ സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനെതിരെ നടപടി**

863. ശ്രീ. എ.സുജനപാൽ :
ശ്രീ.കെ. അച്ചുതൻ :
ശ്രീ.ലൂഡി ലൂയീസ് :
ശ്രീ. വി.ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജല കരാർ അനുസരിച്ച് ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നത് അനുവദനീയമാണോ ;

(ബി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ വെള്ളമുപയോഗിച്ച് വൈദ്യുത പദ്ധതികൾ നിർമ്മിക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടോ ;

(സി) ഭവാനി നദിയിലെ വെള്ളമുപയോഗിച്ച് കുന്ദജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) അവിടെ നിന്നും എത്ര വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്നും ഇതിനെതിരെ എന്ത് നടപടിയെടുത്തെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി ) :**

(എ) ഭവാനി നദീജല കരാർ എന്നൊരു കരാറില്ല. എന്നാൽ ഭവാനിപ്പുഴയുടെ പോഷകനദിയായ ശിരുവാണിപ്പുഴയിൽ നിന്നും തമിഴ്നാട്ടിലെ കോയംപത്തൂരിലും കേരളത്തിലെ അട്ടപ്പാടിയിലും ജലം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നത് അനുവദനീയമല്ല.

(ബി) ഇല്ല.

(സി) ഭവാനിപ്പുഴയിലെ ജലം ഉപയോഗിച്ച് കുന്ദജല വൈദ്യുതി പദ്ധതി പ്രവർത്തിപ്പിക്കുന്നുണ്ട്.

(ഡി) ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ കണക്കുകൾ ലഭ്യമല്ല. കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുൻപാകെ കേരളം സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ തമിഴ്നാട് ഭവാനിപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചും തൻമൂലം അട്ടപ്പാടിയിലുള്ള ജലദൗർബല്യത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്.

## ചെറുകിട കച്ചവടക്കാരിൽ നിന്നും ഈടാക്കിയ പിഴ

864 ശ്രീ. സി. മമ്മുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ.സി.മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട കച്ചവടക്കാർ ലൈസൻസ് പുതുക്കുന്നതിൽ വരുത്തിയ കാലതാമസത്തിന് നഗരസഭകൾ ഈടാക്കിയ പിഴ 2003 ഫെബ്രുവരി മുതൽ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് ആയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് അനുസരിച്ച് പിഴയായി ഈടാക്കിയ അധികത്തുക തിരിച്ചു നൽകാൻ തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പല കോർപ്പറേഷനുകളിലും പ്രസ്തുത ഉത്തരവ് നടപ്പിൽവരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) എങ്കിൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനും പിഴയായി ഈടാക്കിയ തുക തിരിച്ചു നൽകാനും ഇതിന് ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

### ഉത്തരം

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ) :**

(എ) വ്യാപാര ആവശ്യത്തിനുള്ള ലൈസൻസ് പുതുക്കാത്തവർ നൽകേണ്ട പിഴ തൽക്കാലം ഈടാക്കേണ്ടതില്ല എന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടി

865. ശ്രീ. എം.വി.ഗോവിന്ദൻ മാസ്ററർ :
ശ്രീ.പി.സി.ജോർജ്ജ് :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു പ്രവർത്തകരുടെ അഴിമതിയും മറ്റും അന്വേഷിക്കുന്നതിന് ലോകായുക്തയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനകം ലോകായുക്ത എത്ര വാർഷിക റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത റിപ്പോർട്ടുകളിൽ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു ; അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മീഷൻ ഇതിനകം സമർപ്പിച്ച റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ ?

### ഉത്തരം

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി ) :**

_(എ) കേരള ലോകായുക്തയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിലാണ്.

(ബി) ലോകായുക്തയുടെ നിലവിലുള്ള അധികാരം അപര്യാപ്തമായതിനാൽ കൂടുതൽ അധികാരങ്ങൾ നൽകുന്നതിലേക്കായി നിലവിലുള്ള നിയമങ്ങളിൽ വേണ്ട ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ലോകായുക്ത ആക്ട് 9-ാം വകുപ്പും 22-ാം വകുപ്പും ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. നിലവിലുള്ള നിയമപ്രകാരം ലോകായുക്തക്ക് ശുപാർശ ചെയ്യാനുള്ള അധികാരം മാത്രമേയുള്ളു. 9-ാം വകുപ്പിൽ ഭേദഗതി വരുത്തി ഉത്തരവിറക്കാനുള്ള അധികാരം ലോകായുക്തയിൽ നിക്ഷിപ്തമാക്കാനാണ് ശുപാർശ.

(സി) ലോകായുക്തയുടെ 4 വാർഷിക റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (1999,2000,2001,2002) .

(ഡി) 1. ലോകായുക്തയുടെ സ്പെഷ്യൽ റൂളിന്റെ കരട് അംഗീകാരത്തിനായി 2000 ജനുവരിയിൽ സമർപ്പിച്ചിട്ടുണ്ട്.

2. ലോകായുക്തയുടെ സുഗമമായ പ്രവർത്തനത്തിന് പൂർണ്ണമായ കംപ്യൂട്ടർവൽക്കരണം നടത്തണമെന്ന് സർക്കാരിൽ സമർപ്പിച്ച വാർഷികറിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

3. ലോകായുക്തയിൽ നിലവിലുള്ള പഴയ 4 വാഹനങ്ങൾക്കു പകരം പുതിയ രണ്ടു വാഹനങ്ങൾ വാങ്ങുവാനും ശുപാർശ ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ എല്ലാ ശുപാർശകളും സർക്കാർ പരിശോധിച്ച് വരികയാണ്.

(ഇ) ലോകായുക്ത ആക്ടിലെ 12 (ഢകക) വകുപ്പ് പ്രകാരം റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. 1999 മുതൽ 2001 വരെയുള്ള റിപ്പോർട്ടുകൾ പ്രസ്തുത വകുപ്പു പ്രകാരം നിയമസഭാ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി നടത്തിയ ഔദ്യോഗിക ചർച്ചകൾ**

866. ശ്രീ. പി.ജയരാജൻ :
ശ്രീ.കെ.രാധാകൃഷ്ണൻ :
ശ്രീ.ടി.കെ.ദേവകുമാർ :
ശ്രീ.ടി.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരുമായി മുഖ്യമന്ത്രി എത്ര ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് പ്രസ്തുത ചർച്ചകളിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരുമായുള്ള ചർച്ചകലെ തുടർന്ന് സംസ്ഥാനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ള സഹായമെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ പദ്ധതികൾക്കാണിതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

**ശ്രീ. എ.കെ. ആന്റണി (മുഖ്യ മന്ത്രി ) :**

(നിവേദനങ്ങൾ നൽകിക്കൊണ്ട് പലതവണ മുഖ്യ മന്ത്രി പ്രധാന മന്ത്രിയുമായും മറ്റ് കേന്ദ്ര മന്ത്രിമാരുമായും ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ മുഖ്യ മന്ത്രി ഡൽഹി സന്ദർശിച്ച വേളകളിലെല്ലാം തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള നിരവധി പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടേയും മറ്റ് കേന്ദ്ര മന്ത്രിമാരുടേയും ശ്രദ്ധയിൽ കൊണ്ടുവരികയും ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനായി 25000 ടൺ അരി അനുവദിക്കുക, കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് 25 കോടി രൂപ അനുവദിക്കുക, തേയില കൃഷിക്ക് റിസർവ് ബാങ്ക് വർക്കിങ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക, തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തുകളയുക, പുനർകയറ്റുമതിക്കായുള്ള തോട്ടവിള ഇറക്കുമതികൾ താൽക്കാലികമായി നിർത്തിവെയ്ക്കുക, തേയില വില്പന കാര്യത്തിൽ ഫർഗുസൺ ശുപാർശകൾ നടപ്പിലാക്കുക, തേയില കൃഷിക്കുള്ള വായ്പാ പരിധി ഉയർത്തുകയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക, സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം തുടരുക, ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുക, റേഷനിംഗ് സമ്പ്രദായം നിലനിർത്തുക, എറണാകുളം-കോട്ടയം-കായംകുളം________റെയിൽപ്പാതയും, എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽപ്പാതയും, വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക, റെയിൽവേ വൈദ്യുതീകരണം ത്വരിതപ്പെടുത്തുക, മംഗലാപുരം- ഷൊർണ്ണൂർ റെയിൽപ്പാത വൈദ്യുതീകരിക്കുക വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ **<u>ടെർമിനൽ പ്രോജക്ടിന്റെ</u>** പണി 2003

സെപ്റ്റംബറിൽതന്നെ ആരംഭിക്കുക, എൽ.എൻ.ജി. പെട്രോനെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക, കോഴിക്കോട് വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തുക, കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുക, നാളികേര ടെക്നോളജി മിഷന് കൂടുതൽ ഫണ്ട് ലഭ്യമാക്കുക, ശാസ്ത്രീയമായി പഠനം നടത്തി നാളികേരത്തിന്റെ തറവില വർദ്ധിപ്പിക്കുക, വർദ്ധിപ്പിച്ച തറവില കൃഷിക്കാർക്ക് ലഭ്യമാക്കുക, പമ്പ ആക്ഷൻപ്ലാൻ, നാഷണൽ ബാംബൂ മിഷൻ എന്നിവ നടപ്പാക്കാൻ നടപടി സ്വീകരിക്കുക, കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുക, കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ് നിശ്ചയിക്കുക, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജനയിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുക, സംസ്ഥാനത്ത് ഒരു ഐ.ഐ.റ്റി സ്ഥാപിക്കുക, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യൂറോപ്പ്, അമേരിക്ക എന്നീ രാജ്യഹ്ങളിൽ നിന്നുള്ള വിമാന കംപനികൾക്ക് സർവീസ് നടത്തുവാൻ അനുമതി നൽകുക, മണ്ണെണ്ണയുടെ ക്വാട്ട കുറയ്ക്കുന്നത് തടയുക, അഗ്രി എക്സ്പോർട്ട് പ്രോസസിംഗ് സോമ് ആരംഭിക്കുന്നതിന് അനുമതി നൽകുക, ഇഫ്കോയുടെ സഹായത്തോടെ സഹകരണമേഖലയിൽ എഫ്.എ.സി.റ്റി. ഏറ്റെടുത്ത് നടത്തുക, കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുക, ദേശീയ ജലപാത പദ്ധതി വേഗം നടപ്പിലാക്കുക എന്നീ പ്രശ്നങ്ങളാണ് ചർച്ചയിൽ പ്രധാനമായും ഉന്നയിക്കപ്പെട്ടത്. മിക്ക ആവശ്യങ്ങളോടും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്.

(സി) & (ഡി) ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മററ് ചിലത് സമയബന്ധിതമായി തീർക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗക്കാർക്കും തോട്ടം തൊഴിലാളികൾക്കും 2 ആഴ്ചക്കാലം സൗജന്യ റേഷൻ നൽകുന്നതിന് 25,000 ടൺ അരിയും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ജി.ആർ.വൈ. (സ്പെഷ്യൽ കംപോണന്റ്) പ്രകാരം ഫുഡ് കോർപ്പറേഷൻ ഫോർ വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 42000 മെട്രിക് ടൺ അരിയും അനുവദിച്ചു. വല്ലാർപ്പാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പമി 2003 ൽ തന്നെ ആരംഭിക്കുമെന്നുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ട്. കോട്ടയം വഴിയുള്ള എറണാകുളം- കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് 8 കോടി രൂപയും കോഴിക്കോട്-മംഗലാപുരം പാതക്ക് 25 കോടി രൂപയും ഷൊർണ്ണൂർ -കോഴിക്കോടിന് 30 കോടി രൂപയും നടപ്പു വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴം പച്ചക്കറി എക്സ്പോർട്ട് സോണിന് കേന്ദ്രസർക്കാരിന്റെ അനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ട്.

## ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ നടത്തുന്ന പാരാ മെഡിക്കൽ ടെസ്റ്റുകൾ

867. ശ്രീ. ടിയു.രാധാകൃഷ്ണൻ :
ശ്രീ.കെ.മോഹൻകുമാർ :
ശ്രീ. എ.കെ.മണി :
ശ്രീ. എ.പി.അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)) ഗവണ്മെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ നടത്തുന്ന വിവിധ പാരാമെഡിക്കൽ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക ഗവണ്മെന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥാപനത്തിന്റേയോ രോഗികളുടേയോ നന്മയ്ക്ക് വേണ്ടി ചെലവഴിക്കുകയോ ചെയ്യാറുണ്ടോ ;

(ബി) ഈ വകുപ്പ് സ്ഥാപിച്ച ശേഷം പാരാമെഡിക്കൽ ടെസ്റ്റിന്റെ ഫീസിനത്തിൽ ഇന്നേവരെ എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുക എപ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത് ;

(ഡി) ഈ വകുപ്പിന് കേന്ദ്ര ഗവണ്മെന്റിൽ നിന്ന് എന്തു തുക ധനസഹായമായി ലഭിച്ചിട്ടുണ്ട് ; പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു ;

(ഇ) ഈ ഡിപ്പാർട്ടുമെന്റിന്റെ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയിട്ടുണ്ടോ ;

(എഫ്) ഈ ഡിപ്പാർട്ടുമെന്റിന്റെ വരവു ചെലവു കണക്കുകൾ അക്കൗണ്ടന്റു ജനറലിനെക്കൊണ്ട് ഓഡിറ്റു ചെയ്യിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

**ശ്രീ. പി. ശങ്കരൻ ( ആരോഗ്യ വകുപ്പുമന്ത്രി )** :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് 23,56,600/- രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്ന് 4 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

**(സി)** തിരുവനന്തപുരത്ത് ന്യൂക്ലിയർ മെഡിസിൻ വകുപ്പിനുവേണ്ടി ഐസോടോപ്പ് വാങ്ങുന്നതിനായും നിർദ്ധനർക്കുള്ള പരിശോധനാച്ചെലവിനു വേണ്ടിയും കോഴിക്കോട് ഗാമാ ക്യാമറയുടെ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് ഈയിനത്തിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിന് കേന്ദ്ര അണുശക്തി വകുപ്പിന്റെ ബ്രിറ്റ് എന്ന സ്ഥാപനത്തിൽനിന്നും 37 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ഒരു ഗാമാക്യാമറയും അനുബന്ധ ഉപകരണ**ങ്ങളും വാങ്ങിയിട്ടുണ്ട്.**

(ഇ) ഉണ്ട്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗം ഇപ്പോൾത്തന്നെ ഈ വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നുണ്ട്.